DESPATCHED
On.23/11/21

23/11/2021



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.1041(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നം.*8939/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ
അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഷിനിൽ ലൂക്കോസ്,
കോക്കരവാലയിൽ ഹൗസ്,
വടയമ്പാടി പി.ഒ.,
എറണാകുളം-682 308
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
   പൂത്തൃക്ക ഗ്രാമപഞ്ചായത്ത്,
   പൂത്തൃക്ക പി.ഒ., എറണാകുളം-682 308

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസി. ഡയറക്ടർ,
   എറണാകുളം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 12.03.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 08.04.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 26.04.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24.05.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02.08.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 10.08.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13.09.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 11.10.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 17.11.2021 എറണാകുളം |

| | |
|---|---|
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായില്ല |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഷിനിൽ ലൂക്കോസ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം 4 ചോദ്യങ്ങൾ ചോദിച്ചിരുന്നുവെന്നും ആയതിന് മറുപടി വ്യക്തമാക്കാതെ ടി പഞ്ചായത്തിലുള്ള രജിസ്റ്ററുകൾ പരിശോധിച്ച് 1235 രൂപ അടവാക്കി കൈപ്പറ്റാവുന്നതാണെന്ന് മറുപടി ലഭിച്ചു എന്നും പേജ് നമ്പർ എത്രയാണെന്നുള്ള കാര്യം വ്യക്തമാക്കിയിട്ടില്ലെന്നും കൃത്യവിലോപം കാണിച്ച സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്നും നീതിപൂർവ്വമായ മറുപടി ലഭ്യമാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 12.03.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, 2017 മുതൽ 2021 വരെ ടി പഞ്ചായത്തിൽ കെട്ടിടം (വീട്) പണിപൂർത്തിയായി Completion certificate സമർപ്പിച്ചവരുടെ തീയതി അടക്കം പൂർണ്ണമായ മേൽവിലാസം സഹിതമുള്ള ലിസ്റ്റ് നൽകണമെന്നും ടി ലിസ്റ്റിൽ Completion certificate സമർപ്പിച്ച് കെട്ടിട നമ്പർ കിട്ടിയവരുടെ പൂർണ്ണമായ മേൽവിലാസം, കെട്ടിട നമ്പർ സഹിതം ലിസ്റ്റ് നൽകണമെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന്മേൽ നൽകിയ മറുപടിയിൽ അറിയിച്ചത്, കെട്ടിടങ്ങളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ പ്രത്യേകം രജിസ്റ്ററിൽ

സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങളുടെ ഉപയോഗക്രമം അനുസരിച്ച് പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിച്ചു വരുന്നില്ലെന്നും ആയതിനാൽ 2017 മുതൽ നാളിതുവരെ ലഭിച്ച കെട്ടിടനിർമ്മാണ പൂർത്തീകരണവുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ പകർപ്പ് 470 രൂപ അടവാക്കി കൈപ്പറ്റാവുന്നതാണെന്നും കെട്ടിട നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അസെസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വരുന്നുണ്ടെങ്കിലും കെട്ടിട ഉടമയുടെ പേരും കെട്ടിട നമ്പരും മാത്രമായി പ്രത്യേകം എഴുതി സൂക്ഷിച്ചു വരുന്നില്ലെന്നും ടി സാഹചര്യത്തിൽ അപേക്ഷയിൽ ആവശ്യപ്പെടുന്ന കാലഘട്ടത്തിൽ പുതുതായി നമ്പർ അനുവദിച്ച വിവരങ്ങൾ അടങ്ങിയ അസെസ്സ്മെന്റ് രജിസ്റ്ററുകളുടെ പകർപ്പ് 765 രൂപ അടവാക്കി കൈപ്പറ്റാവുന്നതാണെന്നും മറ്റുമായുള്ള വിവരങ്ങളാണ്. ആയത് തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ടിയാന്റെ അപ്പീൽ അപേക്ഷ ഉത്തരവ് നം. ADP EKM/161/2021 PA1/KDis തീയതി 24.05.2021 പ്രകാരം തീർപ്പാക്കിയതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 28.09.2021 ൽ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജികക്ഷിയുടെ അപേക്ഷയിന്മേൽ ആക്ഷേപം ഉന്നയിച്ചിട്ടുള്ളത് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും പകർപ്പ് ഫീസ് സംബന്ധിച്ച് പേജുകളുടെ എണ്ണം വ്യക്തമാക്കിയില്ലെന്നും വിവരാവകാശത്തിന്റെ മറുപടിയിൽ ഒപ്പിട്ടിട്ടുള്ളത് സെക്രട്ടറിയ്ക്ക് വേണ്ടി മറ്റാരോ ആണെന്നുമാണ്. ടിയാൻ പരാമർശിച്ചപോലെ വിവരാവകാശ നിയമപ്രകാരം പകർപ്പ് ഫീസ് അടയ്ക്കുവാൻ വേണ്ടി വിവരാവകാശ നിയമം

2005 ചട്ടം 4 എന്നിവ പ്രകാരം ഫീസിന് അനുസൃതമായി തുക കണക്കാക്കിയതിന് ഉപോത്ബലകമായ കണക്കുകൾ സഹിതം വേണമായിരുന്നുവെന്നും നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സെക്രട്ടറി തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ ആയിരുന്നതിനാൽ സെക്രട്ടറിയുടെ ചുമതലയുണ്ടായിരുന്ന അസി. സെക്രട്ടറിയാണ് വിവരാവകാശ അപേക്ഷയിന്മേലുള്ള മറുപടിയിൽ ഒപ്പിട്ടിട്ടുള്ളതെന്നും ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യഥാസമയം മറുപടി ലഭ്യമാക്കിയിട്ടുള്ളതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ആയതു തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയതിന്മേൽ അപ്പീൽ അധികാരിയും അപ്പീൽ അപേക്ഷ തീർപ്പാക്കിയതായി കാണുന്നു. ഹിയറിംഗിൽ ഒന്നാം എതിർകക്ഷിയുടെ പ്രതിനിധി മൊഴി നൽകിയത്, പകർപ്പ് ഫീസ് ഒടുക്കുന്നതിന് ഹർജിക്കാരന് കത്ത് നൽകിയെങ്കിലും നാളിതുവരെ ഫീസ് അടച്ചില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ പകർപ്പ് 94 പേജുകളാണ് നൽകേണ്ടതായിട്ടുള്ളതെന്നും എ3 പേജ് ഒന്നിന് 5 രൂപ നിരക്കിൽ ആകെ 470 രൂപയാണ് അടവാക്കാൻ ആവശ്യപ്പെട്ടതെന്നും എന്നാൽ മറുപടി നൽകിയപ്പോൾ പേജുകളുടെ എണ്ണം രേഖപ്പെടുത്താൻ വിട്ടുപോയിട്ടുള്ളതാണെന്നും ആയത് ക്ലറിക്കൽ പിഴവായി വന്നുപോയതാണെന്നും ടിയാൻ ആവശ്യപ്പെട്ട രീതിയിൽ വിവരങ്ങൾ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ലാത്തതിനാൽ

രണ്ട് രജിസ്റ്ററുകളിലായി രേഖപ്പെടുത്തിയിരിക്കുന്ന നൂറുകണക്കിന് എൻട്രികൾ പരിശോധിച്ച് ക്രോസ് ചെക്ക് ചെയ്യേണ്ടതുണ്ടെന്നും വളരെയേറെ ശ്രമകരവും പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നതാണെന്നും മറ്റുമാണ്. ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഹർജിക്കാരൻ ആവശ്യപ്പെട്ട 1,2 എന്നീ ചോദ്യങ്ങളിലെ വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധിച്ച് ആവശ്യമുള്ളവ മൊബൈൽ ഫോണിൽ ഫോട്ടോ എടുക്കുന്നതിന് അനുവദിക്കാവുന്നതാണ്. കൂടാതെ നേരിൽ പരിശോധിച്ച് ലഭിക്കുന്ന ഫയലിൽ നിന്ന് വിവരം മനസ്സിലാക്കി ആവശ്യമായവയുടെ പകർപ്പുകൾ നൽകാവുന്നതാണ് എന്നു കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 23-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp